**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7916

16.07.2014- ൽ മറുപടിക്ക്

## പ്രാഥമിക സർവ്വീസ് സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) പ്രാഥമിക സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സഹകരണ വകുപ്പിൽനിന്ന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2012-2013 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി തുക വകയിരുത്തുന്നുണ്ട്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി 54 പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്കും 6 ജില്ലാ സഹകരണ ബാങ്കുകൾക്കുമായി 722.5 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സമ്പത്തിക വർഷവും ടി പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. സംഘങ്ങളിൽ നിന്ന് ക്രമപ്രകാരമുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതാണ്. |
| ബി) പ്രാഥമിക സഹകരണസംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് സഹായം ഏത് ഏജൻസിവഴിയാണ് നടപ്പിലാക്കുന്നത്? | (ബി) പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ഒരു പൊതു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം/പദ്ധതി തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. സംഘം ഭരണ സമിതി തെരഞ്ഞെടുത്ത സംവിധാനം /പദ്ധതിക്കനുസൃതമായാണ് ധനസഹായം അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ